"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് വയനാട്- മേപ്പാടി ഗ്രാമപഞ്ചായത്തിലെ വെത്തിരി താലൂക്കിൽ 30/07/2024-ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവർക്ക് അടിയന്തിര ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ)വകുപ്പ്**

സ.ഉ.(സാധാ) നം.224/2025/DMD തീയതി,തിരുവനന്തപുരം, 07-04-2025

---

പരാമർശം:-

1. സ.ഉ(കൈ) നം. 06/2023/ഡിഎംഡി തീയതി 18/06/2023
2. സ.ഉ(പി) നം. 02/2024/ഡിഎംഡി തീയതി 09/08/2024
3. സ.ഉ(സാധാ)നം.589/2024/ഡിഎംഡി തീയതി 09/08/2024
4. സ.ഉ(സാധാ)നം. 814/2024/ഡിഎംഡി തീയതി 23/10/2024
5. സ.ഉ(സാധാ)നം.842/2024/DMD ഡിഎംഡി തീയതി 13/11/2024
6. സഉ(സാധാ)നം.955/2024/ഡിഎംഡി തീയതി 16/12/2024
7. സഉ(കൈ)നം.2/2025/ഡിഎംഡി തീയതി 28/02/2025
8. സഉ(സാധാ)നം.93/2025/ഡിഎംഡി തീയതി 28/02/2025
9. 10/03/2025 തീയതിയിലെ ഡിഎംഎ 2/231 /2024 (പാർട്ട് 1) നമ്പർ സർക്കാർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ 30/07/2024ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ടുന്ന കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം 30 ദിവസത്തേക്ക് ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് വീതം SDRF ൽ നിന്നും അനുവദിക്കുന്നതിനും ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള / കിടപ്പുരോഗികൾ ഉള്ള കുടംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് CMDRF ൽ നിന്നും അനുവദിക്കുന്നതിനും പരാമർശം(3) പ്രകാരം അനുമതി നല്കിയിരുന്നു.

മേൽ ധനസഹായം പരമാവധി 90 ദിവസം വരെ നല്കുന്നതിന് പരാമർശം(5), (6) പ്രകാരം അനുമതി നല്കി ഉത്തരവായിരുന്നു.

പരാമർശം (7) പ്രകാരം ദുരന്തബാധിതർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള 300 രൂപ ബത്ത അതേ വ്യവസ്ഥയിൽ തുടർന്നും അനുവദിക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കുകയും, പ്രസ്തുത തുക അനുവദിക്കുന്ന വിഷയത്തിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങളിലെ 2 വ്യക്തികൾക്ക് വീതം SDRF ൽ

നിന്ന് അനുവദിക്കുന്ന ധനഹായവും, കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി CMDRF ൽ നിന്നും അനുവദിക്കുന്ന ധനസഹായവും 9 മാസക്കാലത്തേയ്ക്കു കൂടി തുടർന്നും അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു. മറ്റൊരു ഉപജീവനമാർഗം ലഭ്യമല്ലെന്ന സത്യവാങ്മൂലം ലഭ്യമാക്കിയ ശേഷം ടി തുക അനുവദിക്കേണ്ടതാണ്. ഇതിന് ആവശ്യമായ തുക ലഭ്യമായ SDRF വിഹിതത്തിൽ നിന്നും ബാക്കി വേണ്ട തുക CMDRF-ൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ട്
ജില്ലാകളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
റവന്യൂ(ഡിആർഎഫ് സി) വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 09-04-2025 14:12:03